"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം -ആശ്രിത നിയമന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ തോമസ് മാത്യുവിന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി.സിജി പ്രകാശ്.പി-യ്ക്ക് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(കൈ) നം.122/2023/LSGD തീയതി,തിരുവനന്തപുരം, 06-06-2023

---

പരാമർശം:-

1. ജി.ഒ. (പി) നം. 12/99/പി & എ ആർ.ഡി, തീയതി, 24.05.1999.
2. ജി.ഒ. (പി) നം. 24/99/പി & എ ആർ.ഡി, തീയതി, 18.11.1999.
3. ജി.ഒ. (പി) നം. 37/02/പി & എ ആർ.ഡി തീയതി, 15.07.2002
4. ജി.ഒ. (പി) നം. 14/10/പി & എ ആർ.ഡി തീയതി, 12.04.2010
5. ജി.ഒ. (കൈ) നം. 05/18/പി & എ ആർ.ഡി തീയതി, 21.02.2018
6. ശ്രീമതി.സിജി പ്രകാശ്.പി യുടെ 07.01.2021- ലെ അപേക്ഷ.
7. പഞ്ചായത്ത് ഡയറക്ടറുടെ 23.03.2021 -ലെ PAN/3702/2021-E14 (DP)നമ്പർ കത്ത്.
8. ആലപ്പുഴ ജില്ലാ കളക്ടറുടെ 29.03..2023-ലെ DCALP/4719/2021-A7 നം.കത്ത്.

## ഉത്തരവ്

പഞ്ചായത്ത് വകുപ്പിൽ ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട്

ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ 16.03.2020-ൽ മരണമടഞ്ഞ ശ്രീ. തോമസ് മാത്യുവിന്റെ ഭാര്യയും ടിയാളുടെ ആശ്രിതയുമായ ശ്രീമതി.സിജി പ്രകാശ്.പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധരേഖകൾ ഉൾപ്പെടെ സമർ പ്പിച്ച പരാമർ ശം (6) പ്രകാരമുള്ള അപേക്ഷ ശുപാർശ ചെയ്ത് പരാമർ ശം (7) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത ശുപാർശയിന്മേൽ പരാമർശം(8) പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2 . ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ 16.03.2020 ൽ മരണമടഞ്ഞശ്രീ. തോമസ് മാത്യുവിന് സർവ്വീസ് കാലയളവ് 06വർഷം 1 1 മാസം 23ദിവസമാണെന്നും, ടിയാളുടെ വിധവയും ആശ്രിതയുമായ അപേക്ഷകയായ ശ്രീമതി.സിജി പ്രകാശ്.പി-യുടെ ജനനതീയതി 28.05.1976 ആണെന്നും ടിയാൾക്ക് 47 വയസ്സ് പൂർത്തിയായിട്ടുണ്ടെന്നും, ടിയാൾ SSLC പരീക്ഷ പസ്സായിട്ടുണ്ടെന്നും, പരേതന്റെ ആശ്രിതരാർക്കും തന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചിട്ടില്ലെന്നും, ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ടെന്നും ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപേക്ഷ സമർപ്പിക്കുന്ന കാലയളവിൽ ടിയാളുടെ വരുമാനം 60,000/-രൂപയായിരുന്നതായി വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരാമർശം ( 1 മുതൽ 4 വരെ ഉത്തരവുകളിലെ വ്യവസ്ഥകളെല്ലാം പാലിക്കപ്പെടുന്നതിനാൽ ശ്രീമതി സിജി പ്രകാശിന് ആശ്രിത നിയമന വ്യവസ്ഥയിൽ ക്ലറിക്കൽ തസ്തികയിൽ നിയമനം നൽകാവുന്നതാണെന്ന് ജില്ലാകളക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടേയും, ആലപ്പുഴ ജില്ലാ കളക്ടറുടേയും ശുപാർശകൾ പരിഗണിച്ച്, ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ ശ്രീ.തോമസ് മാത്യുവിന്റെ ഭാര്യയും ടിയാളുടെ ആശ്രിതയുമായ ശ്രീമതി.സിജി പ്രകാശ്.പി-യ്ക്ക് **(നന്ദിയാറ്റു കൂട്ടിൽ, മൈനാഗപള്ളി വടക്ക്, മൈനാഗപള്ളി പി.ഒ, കൊല്ലം.)** പരാമർ ശം (1) -ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും നിലവിലുള്ളതും ചുവടെപ്പറയുന്നതുമായ വ്യവസ്ഥകൾക്കും വിധേയമായി പഞ്ചായത്ത് വകുപ്പിൽ ആലപ്പുഴ ജില്ലയിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിൽ ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5 % ൽ അധികരിക്കരുതെന്ന വ്യവസ്ഥയിലും നിയമനം നൽകുന്നതിന് പഞ്ചായത്ത് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. അപേക്ഷകയുടെ നിയമനം നിയമന തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.
2. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്.

3. സാധുവായ അപേക്ഷാത്തീയതിയെ അടിസ്ഥാനമാക്കി അപേക്ഷകയുടെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.
4. ടിയാളുടെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട്, പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
5. മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
6. അപേക്ഷക സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ അപേക്ഷ സമർപ്പിച്ച സമയത്തോ തെറ്റായ യഥാർത്ഥ വിവരം മറച്ചു വച്ചാണ് ആശ്രിത നിയമനം കരസ്ഥമാക്കിയതെന്ന് കണ്ടെത്തുകയോ ചെയ്യുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമ സർക്കാർ റദ്ദു ചെയ്യുന്നതായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ശ്രീമതി.സിജി പ്രകാശ്.പി (നന്ദിയാറ്റു കൂട്ടിൽ, മൈനാഗപള്ളി വടക്ക്, മൈനാഗപള്ളി പി.ഒ, കൊല്ലം.)

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം(അനുബന്ധ രേഖകൾ സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ . (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ജില്ലാ കളക്ടർ, ആലപ്പുഴ.

സെക്രട്ടറി, പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്, (ഇപിഎ3/46/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 06-06-2023 12:11:26

സെക്ഷൻ ഓഫീസർ